പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4000 26.06.2013-ൽ മറുപടിക്ക്

**കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ പ്രകാരം എത്ര ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്; | (എ) കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ പ്രകാരം അനുവദിച്ച തസ്തികകളുടെ വിവരം താഴെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | -1 |
| 2 | കൺസൾട്ടന്റ് (മെഡിസിൻ) | -1 |
| 3 | കൺസൾട്ടന്റ് (സർജറി) | -1 |
| 4 | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | -2 |
| 5 | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | -1 |
| 6 | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | -1 |
| 7 | ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി) | -1 |
| 8 | ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.റ്റി) | -1 |
| 9 | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | -1 |
| 10 | ജൂനിയർ കൺസൾട്ടന്റ് (സർജറി) | -1 |

| | |
|---|---|
| (ബി) ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;<br>(സി) ഏതെല്ലാം ഡോക്ടർമാരാണ് അവധിയിൽ പ്രവേശിച്ചിട്ടുള്ളത്; | (ബി),(സി)&(ഡി) ഇതിൽ ജൂനിയർ കൺസൾട്ടന്റ് (സർജറി), (അനസ്തേഷ്യ) എന്നീ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു. കുന്നംകുളം താലൂക്ക് ആശുപത്രിയിലെ മെഡിസിൻ വിഭാഗം കൺസൾട്ടന്റായ ഡോ.പൃഥിരാജൻ.കെ 01.05.2013 മുതൽ 31.05.2014 വരെ റിട്ടയർമെന്റിന് മുമ്പായുള്ള അവധിയിൽ |

| | |
|---|---|
| (ഡി) എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുണ്ട്; | പ്രവേശിച്ചിരിക്കുകയാണ്. കൂടാതെ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ.ബിനോയ് ഫിലിപ്പ് 09.06.2013 മുതൽ 08.07.2013 വരെ ശൂന്യവേതന അവധിയിലാണ്. ടി ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ.വിവേക് ആൻഡ്രൂസിനെ 22.05.2013-ൽ സസ്പെന്റ് ചെയ്തിരിക്കുകയാണ്. |
| (ഇ) പനി മുതലായ രോഗങ്ങൾ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് ഡോക്ടർമാരുടെ ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ഇ) നിലവിൽ ഒഴിവുള്ള സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകൾ സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തി നികത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

Sobha (signature)

സെക്ഷൻ ഓഫീസർ